# പതിനാലാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

# ബുള്ളറ്റിൻ—ഭാഗം I

(നിയമസഭാ നടപടികളുടെ സംക്ഷിപ്ത വിവരണം)

2018 ജൂൺ 6, ബുധൻ

**നമ്പർ 128**

രാവിലെ 8.30-ന് സ്പീക്കറുടെ അദ്ധ്യക്ഷതയിൽ നിയമസഭ സമ്മേളിച്ചു

ചോദ്യങ്ങൾ:

മറുപടി പറയാൻ നിശ്ചയിച്ചിരുന്ന ചോദ്യങ്ങളിൽ മൂന്നെണ്ണം സഭയിൽ ചോദിക്കുകയും അതിന് വാങ്മൂലം മറുപടി നൽകുകയും ചെയ്തു.

അടിയന്തരപ്രമേയം:

എറണാകുളം വരാപ്പുഴയിലെ ശ്രീജിത്തിന്റെ കസ്റ്റഡി മരണം സംബന്ധിച്ച് സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ടുകൊണ്ട് ശ്രീ. വി. ഡി. സതീശനും മറ്റ് രണ്ടംഗങ്ങളും ചേർന്ന് ഒരു അടിയന്തര പ്രമേയത്തിന്റെ അവതരണാനുമതിക്ക് നോട്ടീസ് നല്കിയിരുന്നു. കോടതിയുടെ പരിഗണനയിലിരിക്കുന്ന വിഷയമായതിനാൽ അടിയന്തരപ്രമേയത്തിന് സ്പീക്കർ അവതരണാനുമതി നിഷേധിച്ചു

അടിയന്തരപ്രമേയത്തിന് അവതരണാനുമതി നല്കാത്തതിൽ പ്രതിഷേധിച്ച് പ്രതിപക്ഷ കക്ഷികളിൽപ്പെട്ട അംഗങ്ങൾ സഭയുടെ നടുത്തളത്തിലിറങ്ങി മുദ്രാവാക്യം മുഴക്കുകയും സഭാ നടപടികൾ തടസ്സപ്പെടുത്താൻ ശ്രമിക്കുകയും ചെയ്തു.

ശ്രദ്ധ ക്ഷണിക്കൽ:

സംസ്ഥാനത്ത് റെയിൽവേയുടെ സമഗ്ര വികസനത്തിന് സഹായകരമാകുന്ന വിവിധ പദ്ധതികളും ഒരു റെയിൽവേ സോണും അനുവദിക്കുന്നതിന് കേന്ദ്ര സർക്കാരിൽ സമ്മർദ്ദം ചെലുത്തേണ്ടതിന്റെ ആവശ്യകതയിലേയ്ക്ക് ശ്രീ. ജോൺ ഫെർണാണ്ടസ് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രിയുടെ ശ്രദ്ധ ക്ഷണിച്ചു മന്ത്രി അത് സംബന്ധിച്ച പ്രസ്താവന മേശപ്പുറത്തുവച്ചു

KNPP. 1261/2018(I).

പ്രതിപക്ഷഅംഗങ്ങളുടെ ബഹളം കാരണം സഭാ നടപടികൾ സുഗമമായി നടത്തിക്കൊണ്ട് പോകാൻ കഴിയാത്തതിനാൽ രാവിലെ 9.42-ന് സ്പീക്കർ സഭ താല്ക്കാലികമായി നിർത്തിവച്ചു.

രാവിലെ 10.06-ന് സ്പീക്കറുടെ അദ്ധ്യക്ഷതയിൽ സഭ വീണ്ടും സമ്മേളിച്ചു

പ്രതിപക്ഷകക്ഷികളിൽപ്പെട്ട അംഗങ്ങൾ ബഹളം തുടർന്നതിനാൽ സ്പീക്കർ അടുത്ത നടപടിക്രമങ്ങളിലേയ്ക്ക് കടന്നു.

ചട്ടം 304 പ്രകാരം ഉന്നയിച്ച വിഷയങ്ങൾ :

ചട്ടം 304 പ്രകാരം ഉന്നയിക്കേണ്ടിയിരുന്ന താഴെപ്പറയുന്ന വിഷയങ്ങളുടെ മറുപടി മന്ത്രിമാർ മേശപ്പുറത്തുവച്ചു.

| ക്രമ നമ്പർ | അംഗത്തിന്റെ പേര് | വിഷയം | വകുപ്പുമന്ത്രി |
|---|---|---|---|
| 1 | 2 | 3 | 4 |
| 1 | ശ്രീ. രമേശ് ചെന്നിത്തല | സർക്കാർ/എയ്ഡഡ് വിദ്യാലയങ്ങളിലെ പ്രീപ്രൈമറി ടീച്ചർമാരുടെയും ആയമാരുടെയും ആനുകൂല്യങ്ങൾ | വിദ്യാഭ്യാസ വകുപ്പുമന്ത്രി |
| 2 | ശ്രീമതി പി. അയിഷാ പോറ്റി | കൊട്ടാരക്കര അഗ്നിശമന രക്ഷാനിലയത്തിന്റെ അംഗബലം വർദ്ധിപ്പിക്കുന്നത് | മുഖ്യമന്ത്രി |
| 3 | ശ്രീ. വി. പി. സജീന്ദ്രൻ | സിഡ്കോയിലെ തൊഴിലാളി സമരം | മുഖ്യമന്ത്രി |
| 4 | ശ്രീ. കെ. വി. അബ്ദുൾ ഖാദർ | രാമു കാര്യാട്ടിന് ജന്മനാട്ടിൽ സ്മാരകം നിർമ്മിക്കുന്നത് | പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായ ക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി |
| 5 | ശ്രീ. വി. എസ്. ശിവകുമാർ | ഈഞ്ചയ്ക്കൽ ബസ് ടെർമിനലിന്റെ പ്രവർത്തനം | ഗതാഗത വകുപ്പുമന്ത്രി |

| 1 | 2 | 3 | 4 |
|---|---|---|---|
| 6 | ശ്രീ. അനിൽ അക്കര | ആസ്തിവികസന ഫണ്ട് | ധനകാര്യവും കയറും വകുപ്പുമന്ത്രി |
| 7 | ശ്രീ. സി. ദിവാകരൻ | കന്യാകുളങ്ങര കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിന്റെ അടിസ്ഥാന സൗകര്യം മെച്ചപ്പെടുത്തുന്നത് | ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി |
| 8 | ശ്രീ. കെ. ദാസൻ | കൊയിലാണ്ടി താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രിയുടെ നവീകരണം | ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി |
| 9 | ശ്രീ. കെ. കുഞ്ഞിരാമൻ | ബേഡഡുക്ക സി.എച്ച്.സി.യെ താലൂക്ക് ആശുപത്രിയായി ഉയർത്തുന്നത് | ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി |
| 10 | ശ്രീ. പി. വി. അൻവർ | നിലമ്പൂർ ബൈപാസ് നിർമ്മാണം | പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി |

<u>മേശപ്പുറത്ത് വച്ച കടലാസുകൾ:</u>

താഴെപ്പറയുന്ന കടലാസുകൾ മേശപ്പുറത്തുവച്ചു:

(1) കംപ് ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ ഓഫ് ഇൻഡ്യയുടെ 2017 മാർച്ചിൽ അവസാനിച്ച വർഷത്തെ സംസ്ഥാന സമ്പദ് വ്യവസ്ഥയെക്കുറിച്ചുള്ള റിപ്പോർട്ട്.

(2) ചട്ടം 47(2) പ്രകാരം കാലതാമസ പത്രിക സഹിതം താഴെപ്പറയുന്ന ചോദ്യങ്ങൾക്കുള്ള ഉത്തരങ്ങൾ മേശപ്പുറത്തുവച്ചു:

| നിയമസഭ | സമ്മേളനം | നക്ഷത്ര ചിഹ്നമിടാത്ത ചോദ്യ നമ്പർ |
|---|---|---|
| 1 | 2 | 3 |
| 13 | 2 | 4412 |
| 13 | 11 | 9, 2654 |
| 13 | 15 | 3383, 3333 |
| 13 | 16 | 2855 |
| 14 | 5 | 1695, 2343, 2909, 3438, 3716, 4394 |

| 1 | 2 | 3 |
|---|---|---|
| 14 | 7 | 37, 1793, 1855, 2806, 3234, 3318, 3339, 3417 |
| 14 | 9 | 23, 137, 150, 156, 171, 180, 185, 322, 1252, 1473, 1834, 1855, 1872, 1893, 1894, 1902, 1903, 1905, 1910, 1924, 1937, 1948, 1984, 2001, 2011, 2105, 2113, 2313, 3013, 3015 |
| 14 | 10 | 20, 32, 39, 48, 57, 87, 102,106, 110, 115, 118, 126, 136, 142, 146, 160, 261, 318, 336, 354, 357, 365, 385, 389, 391, 621, 1321, 1439, 1489, 1512, 1538, 1542, 1544, 1569, 1573, 1585, 1606, 1625, 1627, 1646, 1655, 1667, 1672, 1675, 1678, 1691, 1692, 1693, 1705, 1715, 1729, 1745, 1788, 1825, 1900, 2601, 2703, 3068, 3231, 3333, 3497, 3882, 3884, 3900, 3934, 3965, 4234, 4313, 4317, 4357, 4374, 4411, 4417, 4429, 4468, 4469, 4606, 5700, 5790, 5820, 5996, 6236. |

<u>നിയമനിർമ്മാണകാര്യം:</u>

I. തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി ഡോ. കെ. ടി. ജലീൽ 2018-ലെ കേരള പഞ്ചായത്ത് രാജ് (രണ്ടാം ഭേദഗതി) ബിൽ അവതരിപ്പിക്കുകയും ചട്ടം 75(1) പ്രകാരമുള്ള പ്രസ്താവന മേശപ്പുറത്തുവയ്ക്കുകയും ചെയ്തു. പ്രസ്തുത ബിൽ സബ്ജക്ട് കമ്മിറ്റി IX-ന്റെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന് പ്രമേയവും മന്ത്രി അവതരിപ്പിച്ചു. ഓർഡിനൻസ് നിരാകരണ പ്രമേയവും ഭേദഗതികളും അവതരിക്കപ്പെട്ടിട്ടില്ല. പ്രമേയം സഭ അംഗീകരിക്കുകയും ബിൽ തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും ഭവനനിർമ്മാണവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി IX-ന്റെ പരിഗണനയ്ക്ക് അയയ്ക്കുകയും ചെയ്തു.

II. സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി ശ്രീ. കടകംപള്ളി സുരേന്ദ്രൻ 2018-ലെ തിരുവിതാംകൂർ-കൊച്ചി ഹിന്ദുമത സ്ഥാപനങ്ങൾ (ഭേദഗതി) ബിൽ അവതരിപ്പിക്കുകയും ചട്ടം 75(1) പ്രകാരമുള്ള പ്രസ്താവന മേശപ്പുറത്തുവയ്ക്കുകയും ചെയ്തു. പ്രസ്തുത ബിൽ സബ്ജക്ട് കമ്മിറ്റി II-ന്റെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയവും മന്ത്രി അവതരിപ്പിച്ചു. ഓർഡിനൻസ് നിരാകരണ പ്രമേയവും ഭേദഗതികളും അവതരിപ്പിക്കപ്പെട്ടില്ല. പ്രമേയം സഭ അംഗീകരിക്കുകയും ബിൽ ഭൂനികുതിയും ദേവസ്വവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി II-ന്റെ പരിഗണനയ്ക്ക് അയയ്ക്കുകയും ചെയ്തു.

III. വിദ്യാഭ്യാസ വകുപ്പുമന്ത്രി പ്രൊഫ. സി. രവീന്ദ്രനാഥ് 2018-ലെ കേരള സംസ്ഥാന ഉന്നത വിദ്യാഭ്യാസ കൗൺസിൽ (ഭേദഗതി) ബിൽ അവതരിപ്പിക്കുകയും ചട്ടം 75(1) പ്രകാരമുള്ള പ്രസ്താവന മേശപ്പുറത്തുവയ്ക്കുകയും ചെയ്തു. ബിൽ സബ്ജക്ട് കമ്മിറ്റി VI-ന്റെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയവും മന്ത്രി അവതരിപ്പിച്ചു. ഓർഡിനൻസ് നിരാകരണ പ്രമേയവും ഭേദഗതികളും അവതരിപ്പിക്കപ്പെട്ടില്ല. പ്രമേയം സഭ അംഗീകരിക്കുകയും ബിൽ വിദ്യാഭ്യാസം സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി VI-ന്റെ പരിഗണനയ്ക്ക് അയയ്ക്കുകയും ചെയ്തു.

2018 ജൂൺ 7-ാം തീയതി വ്യാഴാഴ്ച രാവിലെ 8.30-ന് വീണ്ടും സമ്മേളിക്കുന്നതിനായി രാവിലെ 10.18-ന് സഭ പിരിഞ്ഞു.

വി. കെ. ബാബുപ്രകാശ്,
*സെക്രട്ടറി.*

FOURTEENTH KERALA LEGISLATIVE ASSEMBLY

Eleventh Session

# BULLETIN—PART I

(Brief Record of Proceedings)

*Wednesday, June 6, 2018*

**No. 128**

The Assembly met at 8.30 a.m. with Mr. Speaker in the Chair.

*Questions:*

Three questions in the list of questions posted for the day were answered orally.

*Adjournment Motion:*

Speaker withheld consent to the moving of an adjournment motion, given notice of by Shri V. D. Satheesan and two other Members regarding the custodial death of Sreejith in Varappuzha, Ernakulam, as it was a matter of sub-judice.

In protest against the withholding of the consent for moving the motion this the Members belonging to the opposition moved into the well of the House raising slogans and tried to obstruct the proceedings of the House.

*Calling Attention:*

Shri John Fernandez called the attention of the Minister for Public Works and Registration to the necessity to exert pressure on the central Government to grant various rail projects and a railway zone that would help the overall rail development of the State. The Minister laid a statement in this regard.

As it was difficult to carry on the business amidst the pandemonium, Speaker temporarily adjourned the House at 9.42 a.m.

KNPP. 1261/2018(ii).

The House re-assembled at 10.06 a.m. with Mr. Speaker in the Chair.

As the Members belonging to the opposition continued disrupting the proceedings of the House, the Speaker proceeded to the next business.

*Matters raised under Rule 304:*

Reply to the following matters which were to be raised under rule 304 were laid on the table by the Ministers:

| ക്രമ നമ്പർ | അംഗത്തിന്റെ പേര് | വിഷയം | വകുപ്പുമന്ത്രി |
|---|---|---|---|
| 1 | 2 | 3 | 4 |
| 1 | ശ്രീ. രമേശ് ചെന്നിത്തല | സർക്കാർ/എയ്ഡഡ് വിദ്യാലയങ്ങളിലെ പ്രീപ്രൈമറി ടീച്ചർമാരുടെയും ആയമാരുടെയും ആനുകൂല്യങ്ങൾ | വിദ്യാഭ്യാസ വകുപ്പുമന്ത്രി |
| 2 | ശ്രീമതി പി. അയിഷാ പോറ്റി | കൊട്ടാരക്കര അഗ്നിശമന രക്ഷാനിലയത്തിന്റെ അംഗബലം വർദ്ധിപ്പിക്കുന്നത് | മുഖ്യമന്ത്രി |
| 3 | ശ്രീ. വി. പി. സജീന്ദ്രൻ | സിഡ്കോയിലെ തൊഴിലാളി സമരം | മുഖ്യമന്ത്രി |
| 4 | ശ്രീ. കെ. വി. അബ്ദുൾ ഖാദർ | രാമു കാര്യാട്ടിന് ജന്മനാട്ടിൽ സ്മാരകം നിർമ്മിക്കുന്നത് | പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായ ക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി |
| 5 | ശ്രീ. വി. എസ്. ശിവകുമാർ | ഈഞ്ചയ്ക്കൽ ബസ് ടെർമിനലിന്റെ പ്രവർത്തനം | ഗതാഗത വകുപ്പുമന്ത്രി |
| 6 | ശ്രീ. അനിൽ അക്കര | ആസ്തിവികസന ഫണ്ട് | ധനകാര്യവും കയറും വകുപ്പുമന്ത്രി |
| 7 | ശ്രീ. സി. ദിവാകരൻ | കന്യാകുളങ്ങര കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിന്റെ അടിസ്ഥാന സൗകര്യം മെച്ചപ്പെടുത്തുന്നത് | ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി |

| 1 | 2 | 3 | 4 |
|---|---|---|---|
| 8 | ശ്രീ. കെ. ദാസൻ | കൊയിലാണ്ടി താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രിയുടെ നവീകരണം | ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി |
| 9 | ശ്രീ. കെ. കുഞ്ഞിരാമൻ | ബേഡഡുക്ക സി.എച്ച്.സി.യെ താലൂക്ക് ആശുപത്രിയായി ഉയർത്തുന്നത് | ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി |
| 10 | ശ്രീ. പി. വി. അൻവർ | നിലമ്പൂർ ബൈപാസ് നിർമ്മാണം | പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി |

*Papers laid on the Table:*

The following papers were laid on the Table:

(1) The Report of the Comptroller and Auditor General of India on State Finances for the year ended March 2017.

(2) The answers to the following questions along with the statements showing the reason for delay in submitting them were laid under Rule 47(2):

| Assembly | Session | Unstarred Question Numbers |
|---|---|---|
| 1 | 2 | 3 |
| 13 | 2 | 4412 |
| 13 | 11 | 9, 2654 |
| 13 | 15 | 3383, 3333 |
| 13 | 16 | 2855 |
| 14 | 5 | 1695, 2343, 2909, 3438, 3716, 4394 |
| 14 | 7 | 37, 1793, 1855, 2806, 3234, 3318, 3339, 3417 |
| 14 | 9 | 23, 137, 150, 156, 171, 180, 185, 322, 1252, 1473, 1834, 1855, 1872, 1893, 1894, 1902, 1903, 1905, 1910, 1924, 1937, 1948, 1984, 2001, 2011, 2105, 2113, 2313, 3013, 3015 |

| 1 | 2 | 3 |
|---|---|---|
| 14 | 10 | 20, 32, 39, 48, 57, 87, 102,106, 110, 115, 118, 126, 136, 142, 146, 160, 261, 318, 336, 354, 357, 365, 385, 389, 391, 621, 1321, 1439, 1489, 1512, 1538, 1542, 1544, 1569, 1573, 1585, 1606, 1625, 1627, 1646, 1655, 1667, 1672, 1675, 1678, 1691, 1692, 1693, 1705, 1715, 1729, 1745, 1788, 1825, 1900, 2601, 2703, 3068, 3231, 3333, 3497, 3882, 3884, 3900, 3934, 3965, 4234, 4313, 4317, 4357, 4374, 4411, 4417, 4429, 4468, 4469, 4606, 5700, 5790, 5820, 5996, 6236. |

*Legislative Business:*

I. Dr. K. T. Jaleel, Minister for Local Self Government, Welfare of Minorities, Wakf and Hajj Pilgrimage introduced the Kerala Panchayat Raj (Second Amendment) Bill, 2018 and laid the statement under rule 75(1). The Minister also moved the motion that the Bill be referred to Subject Committee IX. Ordinance disapproval motion and amendments were not moved. Then the motion was adopted and the Bill was referred to Subject Committee IX—Local Self Government, Rural Development and Housing.

II. Shri Kadakampally Surendran, Minister for Co-operation, Tourism and Devaswoms introduced the Travancore-Cochin Hindu Religious Institutions (Amendment) Bill, 2018 and laid the statement under rule 75(1). The Minister also moved the that the Bill be referred to Subject Committee II. Ordinance disapproval motion and amendments were not moved. Then the motion was adopted and the Bill was referred to Subject Committee II—Land Revenue and Devaswom.

III. Prof. C. Raveendranath, Minister for Education introduced the Kerala State Higher-Education Council (Amendment) Bill, 2018 and laid the statement under rule 75(1). The Minister also moved that the Bill be referred to Subject Committee VI. Ordinance disapproval motion and amendments were not moved. Then the motion was adopted and the Bill was referred to Subject CommitteeVI—Education.

The House adjourned at 10.18 a.m. to meet again at 8.30 a.m. on Thursday, June 7, 2018.

V. K. BABU PRAKASH,
*Secretary*.